Malayala Manorama
മലയാള മനോരമ

# ലോക തണ്ണീർത്തട ദിനാചരണം

കോയമ്പത്തൂർ ● ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ (ഐഎഫ്ജിടിബി) എൻവിസ് കേന്ദ്രത്തിൽ ലോക തണ്ണീർത്തട ദിനം ആചരിച്ചു. ഡയറക്ടർ ഡോ .സി.കുഞ്ഞിക്കണ്ണൻ ഉദ്ഘാടനം ചെയ്തു. തണ്ണീർത്തടങ്ങൾക്കു ജീവജാലങ്ങളിലുള്ള സ്വാധീനം അദ്ദേഹം വിശദീകരിച്ചു. തണ്ണീർത്തടങ്ങളുടെ പ്രാധാന്യം വിശദമാക്കുന്ന പോസ്റ്റർ ഡയറക്ടർ പ്രകാശനം ചെയ്തു. ചീഫ് സയന്റിസ്റ്റും എൻവിസ് മേധാവിയുമായ ഡോ.കണ്ണൻ വാര്യർ തണ്ണീർത്തട ദിനാചരണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരണ പ്രഭാഷണം നടത്തി.

ഇന്ത്യയിലുള്ള 75 തണ്ണീർത്തട പ്രദേശങ്ങളെപ്പറ്റി അദ്ദേഹം വിശദീകരിച്ചു. വേമ്പനാട് കായൽ, അഷ്ടമുടിക്കായൽ, ശാസ്താംകോട്ട കായൽ എന്നിവയാണു കേരളത്തിലെ തണ്ണീർത്തടങ്ങൾ.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ തണ്ണീർത്തടങ്ങളുള്ള സംസ്ഥാനം തമിഴ്നാടാണ്. 14 എണ്ണം. വിദ്യാർഥികൾക്കും പൊതു ജനങ്ങൾക്കുമായി ഓൺലൈൻ പ്രശ്നോത്തരിയും മൊബൈൽ ഫൊട്ടോഗ്രഫി മത്സരവും നടത്തി. പോസ്റ്ററിന്റെ ഡിജിറ്റൽ പ്രതികൾ വിദ്യാർഥികൾക്കു വിതരണം ചെയ്തു.

05.News in Malayala Manorama, Palakkad, 03.02.2024, World Wetlands Day Celebration by ICFRE-IFGTB EIACP PC RP.